# കേരള സർവകലാശാല

നം.പി.ആർ.165/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## യു.ജി/പി.ജി പ്രവേശനം 2019

ഒഴിവുള്ള സീറ്റുകളിലേക്ക് പുതിയ ഓപ്ഷൻ സ്വീകരിച്ച് പ്രത്യേക അലോട്ട്മെന്റ് നടത്തുന്നു. ഓൺലൈനായി അപേക്ഷ നൽകേണ്ട തീയതി ജൂലൈ 30 മുതൽ ആഗസ്റ്റ് 1 വരെ. ആഗസ്റ്റ് 2 ാം തീയതി പ്രത്യേക അലോട്ട്മെന്റ്.

## ബി.ടെക് ക്ലാസ്

യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിലെ ഒന്നാം വർഷ ബി.ടെക് ക്ലാസുകൾ ആഗസ്റ്റ് 1 ന് ആരംഭിക്കുന്നതാണ്. അന്നേദിവസം രാവിലെ 9.30 മണിയ്ക്ക് വിദ്യാർത്ഥികൾ രക്ഷിതാക്കളോടൊപ്പം കോളേജ് ഓഡിറ്റോറിയത്തിൽ എത്തിച്ചേരേണ്ടതാണ്.

## പ്രാക്ടിക്കൽ

2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് (2018 അഡ്മിഷൻ – റെഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 6, 7 തീയതികളിൽ അതതു കോളേജുകളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.സി.എ ഡിഗ്രി കോഴ്സിന്റെ പ്രായോഗിക പരീക്ഷ ആഗസ്റ്റ് 12 മുതൽ അതതു കോളേജുകളിൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

2019 ജനുവരിയിൽ നടത്തിയ എൽ.എൽ.ബി ഇന്റഗ്രേറ്റഡ് ആറാം സെമസ്റ്റർ, 2018 ഡിസംബറിൽ നടത്തിയ ബി.ആർക്ക് (2013 സ്കീം) ഒന്നാം സെമസ്റ്റർ, ബി.ആർക്ക് (2013 സ്കീം) മൂന്നാം സെമസ്റ്റർ എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ X) ആഗസ്റ്റ് 1 മുതൽ 5 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

# യു.ജി/പി.ജി. പ്രവേശനം-2019

## ഓൺലൈനായി പുതിയ ഓപ്ഷനുകൾ സ്വീകരിച്ച് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പ്രത്യേക അലോട്ട്മെന്റ്. പുതിയ ഓപ്ഷനുകൾ ജൂലൈ 30 മുതൽ ആഗസ്റ്റ് 01 വരെ

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ യു.ജി/ പി.ജി. പ്രോഗ്രാമുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് പുതിയ ഓപ്ഷനുകൾ സ്വീകരിച്ച് അലോട്ട്മെന്റ് നടത്തുന്നു. ഒഴിവുള്ള സീറ്റുകളുടെ വിവരം ജൂലൈ 30-ന് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും. (**http://admissions.keralauniversity.ac.in**). വിദ്യാർത്ഥികൾ തങ്ങളടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം പുതിയ ഓപ്ഷനുകൾ ഓൺലൈനായി നൽകുവാൻ കഴിയും. പ്രവേശന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ഒഴിവുകളുടെ എണ്ണം പരിശോധിച്ച ശേഷം ഓപ്ഷനുകൾ നൽകുക.

മുൻപ് നൽകിയിരിക്കുന്ന ഒരു ഓപ്ഷനുകളും (ഹയർ ഓപ്ഷനുകൾ ഉൾപ്പെടെ) പരിഗണിക്കുന്നതല്ല. പുതിയ ഓപ്ഷനുകൾ ജൂലൈ 30 മുതൽ ആഗസ്റ്റ് 01 വരെ നൽകേണ്ടതാണ്. പുതിയ ഓപ്ഷനുകൾ മാത്രം പരിഗണിച്ച് ആഗസ്റ്റ് 2-ാം തീയതി യു.ജി/പി.ജി. അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തും. ആഗസ്റ്റ് 3,5 തീയതികളിലാണ് കോളേജ്തല പ്രവേശനം. സർട്ടിഫിക്കറ്റുകൾ ( ഉദാ. ജാതി, വരുമാനം, റ്റി.സി., നോൺ ക്രീമീലേയർ, എൻ.എസ്.എസ്.,എൻ.സി.സി., വിമുക്ത ഭടൻമാരുടെ ആശ്രിതർ, മുന്നോക്ക സമുദായത്തിലെ പിന്നോക്കം നിൽക്കുന്നവർ മുതലായവ) മുൻകൂറായി തന്നെ നേടിവക്കേണ്ടതാണ്. നിലവിൽ ഒരിടത്തും പ്രവേശനം ലഭിക്കാതെ പ്രത്യേക അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്നവർക്ക് രേഖകൾ ഹാജരാക്കാൻ അധിക സമയം അനുവദിക്കുന്നതല്ല.

മെറിറ്റ്, മറ്റു സംവരണ വിഭാഗക്കാർ, ഇ.ബി.എഫ്.സി.,എസ്.സി/എസ്.ടി, ഭിന്നശേഷിക്കാർ തുടങ്ങി വിവിധ കാറ്റഗറിയിലുള്ള ഒഴിവുകളിലേക്ക് പുതിയ ഓപ്ഷനുകൾ നൽകാവുന്നതാണ്. ഗവൺമെന്റ്, എയ്ഡഡ്, സ്വാശ്രയ, യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി. തുടങ്ങിയ എല്ലാ അഫിലിയേറ്റ് കോളേജുകളിലുമുള്ള ഒഴിവുകളിലേയ്ക്ക് ഓപ്ഷനുകൾ നൽകാൻ കഴിയുന്നതാണ്.

ഒഴിവുകൾ സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയ ശേഷം ടി.സിയിലൂടെ ഒഴിവുവരുന്ന സീറ്റുകളിലും ഈ അലോട്ട്മെന്റിലൂടെ നികത്തുന്നതാണ്. നിലവിൽ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് പുതിയ അഞ്ച് ഓപ്ഷനുകൾ നൽകാവുന്നതാണ്. ഒന്നാമത്തെ ഓപ്ഷനിൽ പ്രവേശനം നേടിക്കഴിഞ്ഞവർക്കും ഹയർ ഓപ്ഷനുകൾ കാൻസൽ ചെയ്തവർക്കും പുതിയ ഓപ്ഷനുകൾ നൽകുവാൻ സാധിക്കുന്നതല്ല.

നിലവിൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പ്രത്യേക അലോട്ട്മെന്റ് വഴി പ്രവേശനം ഉറപ്പായാൽ മാത്രമെ ടി.സി. വാങ്ങുവാൻ പാടുള്ളു. പ്രത്യേക അലോട്ട്മെന്റിലേക്ക് സർവകലാശാലയ്ക്ക് നേരിട്ട് അപേക്ഷകൾ ഒന്നും തന്നെ അയക്കേണ്ടതില്ല. ഓൺലൈനായി മാത്രം അപേക്ഷിച്ചാൽ മതിയാകും.

നിലവിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ പ്രത്യേക അലോട്ട്മെന്റിൽ ഓപ്ഷനുകൾ നൽകരുത്. ഓപ്ഷനുകൾ നൽകി അലോട്ട്മെന്റ് ലഭിച്ചാൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്.

തിരുവനന്തപുരം,

30-07-2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098